പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 245 | 28/11/2018 ൽ മറുപടി<br>നല്കേണ്ടത്. |

## കുഷ്ഠരോഗികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ഷാഫി പറമ്പിൽ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് കുഷ്ഠരോഗികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായതായി ആരോഗ്യവകുപ്പ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) | സംസ്ഥാനത്ത് കഴിഞ്ഞ 5 കൊല്ലമായി കുഷ്ഠരോഗത്തിന്റെ ആന്വൽ ന്യൂ കേസ് ഡിറ്റക്ഷൻ റേറ്റും (വർഷത്തിൽ എത്രപേർക്ക് പുതുതായി കുഷ്ഠരോഗം സ്ഥിരീകരിച്ചു എന്നത്) പ്രചരണനിരക്കും ( എല്ലാ വർഷവും മാർച്ച് 31 ന് ഉള്ള കണക്കനുസരിച്ച് 10000 ജനസംഖ്യയിൽ എത്ര പേർ കുഷ്ഠരോഗത്തിനുള്ള ചികിൽസ എടുക്കുന്നു എന്നതിന്റെ നിരക്ക്) പ്രകടമായ വ്യത്യാസമില്ലാതെ തുടരുന്നു. പക്ഷേ 2016 ഒക്ടോബർ 2 മുതൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനു വേണ്ടി സംസ്ഥാനത്ത് നടന്ന വിവിധ പ്രവർത്തനങ്ങൾ, അതായത് വിപുലമായ ആരോഗ്യ ബോധവൽക്കരണ പ്രവർത്തനവും സ്കൂൾ അംഗനവാടി സർവ്വേയും, ജയിൽ സർവ്വേയും, നഗര ചേരികളിലും തീരപ്രദേശത്തും, ഗിരിവർഗ്ഗ മേഖലകളിലും താമസിക്കുന്നവരെയും ഒപ്പം പ്രീ മെട്രിക് ഹോസ്റ്റൽ, അനാഥാലയങ്ങൾ, ജയിൽ എന്നിവിടങ്ങളിൽ താമസിക്കുന്നവരെയും ഇതര സംസ്ഥാന തൊഴിലാളികളെയും രോഗപരിശോധനയ്ക്ക് |

| | | | |
|---|---|---|---|
| | | | വിധേയമാക്കിയതും വൈദ്യ പരിശോധന ക്യാമ്പുകൾ സംഘടിപ്പിച്ചതും വഴി കുഷ്ഠരോഗം ബാധിച്ച കുട്ടികളുടെ ശതമാനവും മറ്റ് അംഗവൈകല്യത്തോടുകൂടിയ കുഷ്ഠരോഗ ബാധിതരുടെ ശതമാനവും വർദ്ധിച്ചതായി കണ്ടെത്തുകയുണ്ടായി. കൂടാതെ രോഗം സ്ഥിരീകരിച്ചവരിൽ കൂടുതലും പകർച്ചശേഷി കൂടിയ മൾട്ടി ബാസിലറി വിഭാഗത്തിൽ പെട്ടവരാണ് എന്നതും പ്രാധാന്യം അർഹിക്കുന്നു. |
| ബി) | കുഷ്ഠരോഗം പൂർണ്ണമായും നിയന്ത്രണ വിധേയമായതായി മുൻപ് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ രോഗികളുടെ എണ്ണത്തിൽ ഇപ്പോഴുണ്ടായ വർദ്ധനവ് ഏത് സാഹചര്യത്തിലാണെന്ന് ഗൗരവമായി പരിഗണിക്കുകയും, തദനുസൃതമായ നിയന്ത്രണ നടപടികൾ കൈക്കൊള്ളുകയും ചെയ്യുമോ; വിശദമാക്കുമോ ? | ബി) | 2005 ഡിസംബർ മാസത്തിൽ ഭാരതത്തിൽ നിന്നും കുഷ്ഠരോഗം നിവാരണം ചെയ്തതായി പ്രഖ്യാപിച്ചിട്ടുണ്ട്. 10000 ജനസംഖ്യയിൽ ഒന്നിന് താഴെ മാത്രം കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുമ്പോൾ ആണ് നിവാരണം സാധ്യമാകുന്നത്.<br>കുഷ്ഠരോഗത്തെക്കുറിച്ചുള്ള അവബോധം പൊതുജനങ്ങളിൽ കൂടുതലായി ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ ദൃശ്യ - ശ്രവ്യമാധ്യമങ്ങളിലൂടെ വിവിധതരം ബോധവൽക്കരണ പ്രവർത്തനങ്ങൾനടത്തിവരുന്നു. വിപുലമായ സർവ്വെ പ്രവർത്തനങ്ങളുടെ ഫലമായി സമൂഹത്തിൽ ഇതുവരെ കണ്ടുപിടിക്കാതിരുന്ന കേസുകൾ കൂടി കണ്ടെത്താൻ കഴിഞ്ഞു എന്നതിനാലാണ് കുഷ്ഠരോഗികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായതായി കാണുന്നത്. കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക ആക്കം കൂട്ടുക എന്ന ലക്ഷ്യത്തോടെ ലെപ്രസി കേസ് ഡിറ്റക്ഷൻ ക്യാമ്പയിൻ 2018 ഡിസംബർ 5 മുതൽ 18 വരെ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരി ച്ചിട്ടുണ്ട്. സമൂഹത്തിൽ |

| | | | |
|---|---|---|---|
| | | | ഒളിഞ്ഞു കിടക്കുന്ന കുഷ്ഠരോഗികളെ കണ്ടുപിടിക്കുന്നതിനുള്ള ഈ ക്യാമ്പയിൻ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് തുടങ്ങി 8 ജില്ലകളിലാണ് നടപ്പിലാക്കുന്നത്. പരിശീലനം ലഭിച്ച ഒരു പുരുഷ വോളന്റിയറും ഒരു വനിത വോളന്റിയറും ഉൾപ്പടുന്ന ടീം ക്യാമ്പയിൻ കാലയളവിൽ (14 ദിവസം) ജില്ലയിലെ മുഴുവൻ വീടുകളും സന്ദർശനം നടത്തി കുഷ്ഠരോഗത്തിനു സമാനമായ ലക്ഷണമുള്ള ആളുകളെ കണ്ടുപിടിക്കുകയും അവരെ രോഗനിർണ്ണയത്തിനായി ആശുപത്രിയിൽ പോകുന്നതിനുള്ള ഉപദേശം നൽകുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള 5 ടീമുകളുടെ സൂപ്പർവിഷൻ ചുമതല ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ /ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിനായിരിക്കും, ചിട്ടയായ ഭവന സന്ദർശനവും ഗൃഹപരിശോധനയിലൂടെ കണ്ടെത്തിയ രോഗികൾക്ക് തുടർ ചികിത്സയും സൂപ്പർവൈസർമാർ ഉറപ്പുവരുത്തുന്നു. ഭവന സന്ദർശനവേളയിൽ കാണാൻ കഴിയാത്തവരെ അനുയോജ്യമായ സമയത്തിൽ കണ്ട് പരിശോധന നടത്തുന്നു എന്നത് ഈ ക്യാമ്പയിന്റെ മറ്റൊരു സവിശേഷതയാണ്. കൂടാതെ ജില്ലയിലെ മുഴുവൻ ആരോഗ്യ സേവന വിഭാഗവും ഈ കാലയളവിൽ ഈ ക്യാമ്പയിനായ് ശ്രദ്ധ കേന്ദ്രീകരിക്കുന്നു എന്നത് ഈ പദ്ധതിയുടെ വിജയം സുനിശ്ചിതമാക്കുന്നു. ഇതോടൊപ്പം തന്നെ ശേഷിക്കുന്ന 6 ജില്ലകളിൽ (കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോട്ടയം, |

| | | | |
|---|---|---|---|
| | | | വയനാട് ) ഫോക്കസ്ഡ് ലെപ്രസി ക്യാമ്പയിൻ (എഫ്.എൽ.സി) നടത്തുകയാണ്. വൈകല്യത്തോടു കൂടിയ കുഷ്ഠരോഗം റിപ്പോർട്ട് ചെയ്യപ്പെട്ട ബ്ലോക്കുകളിൽ മാത്രം നടത്തുന്ന ക്യാമ്പയിനാണ് എഫ്.എൽ.സി ഈ ക്യാമ്പയിനിൽ രോഗം സ്ഥിരീകരിച്ച വ്യക്തിയുടെ താമസ സ്ഥലത്തിനു ചുറ്റുമുള്ള 300 വീടുകൾ ആരോഗ്യപ്രവർത്തകർ / ആശമാർ നേരിട്ട് സന്ദർശനം നടത്തി മറ്റാർക്കും രോഗമില്ല എന്ന് ഉറപ്പുവരുത്തുന്നു. ഈ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ